# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**

**(Presented on 24th August 2020)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

603/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019-2020 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019-2020 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നാലാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 28-10-2019, 13-3-2020, 22-7-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

22-7-2020-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2020 ജൂലൈ 22.

# റിപ്പോർട്ട്

## അദ്ധ്യായം I

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

### തൊഴിലും നൈപുണ്യവും വകുപ്പ്

#### ശിപാർശ

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 38,08,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 45,000 രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

#### സർക്കാർ സ്വീകരിച്ച നടപടി

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, 2230-01-101-99—കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ് യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും ഇന്ധനം (45) ഇനത്തിൽ 50,000 രൂപയും ചേർത്ത് 5,50,000 രൂപ (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ നിലവിൽ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ തുക

അവശേഷിക്കുന്നതിനാൽ പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചശേഷം റീ അപ്രോപ്രിയേഷനുള്ള സാധ്യത പരിശോധിച്ച് ശിപാർശ സമർപ്പിക്കുവാൻ അഭിപ്രായപ്പെടുകയുണ്ടായി.

ശിപാർശ

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി സംഭാവന

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ഇടുക്കി ജില്ലയിൽ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണി, വിവിധ ധനസഹായങ്ങൾ, പീരുമേട് കമ്പനി ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് നടപ്പാക്കിയിട്ടുള്ള കുടിവെള്ളപദ്ധതി, ഉപ്പുതറ സെക്ഷനിലെ വൈദ്യുത ചാർജ്ജ്, ചികിത്സാ ധനസഹായം, മെഡിക്കൽ ടീമിന്റെ വാഹന വാടക, ടീം അംഗങ്ങളുടെ വേതനം എന്നീ ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 2.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം 2230-01-103-62-10 NP, 2230-01-103-16 P എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്ന മുറയ്ക്ക് ലഭ്യമാകുന്ന ശിപാർശ പരിശോധിച്ച് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്ക് അനുസൃതമായി സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

ശിപാർശ

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന

വിഹിതം : 28,69,000 രൂപ (പദ്ധതിയേതരം)

2019-20-ൽ നിലവിലുള്ള പെൻഷനേഴ്സിനെക്കാൾ അധികമായി 150 ഓളം പേർക്ക് പെൻഷൻ അനുവദിക്കേണ്ടതായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 91.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി പെൻഷൻ എന്നിവ നിലവിൽ കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനി മുഖേനയാണ് നൽകി വരുന്നത്. 2019-20 സാമ്പത്തിക വർഷം പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് അംഗങ്ങളുടെ എണ്ണം, പെൻഷൻ വിതരണ കാലയളവ്, ആവശ്യമായ തുക എന്നിവ വ്യക്തമാക്കിയുള്ള ശിപാർശ ബോർഡ് ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനി മുഖേന കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് പെൻഷൻ വിതരണത്തിന് അനുവദിക്കുന്നതാണെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-57-10—<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന</u>

വിഹിതം : 17,87,000 രൂപ (പദ്ധതിയേതരം)

കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2019-20-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 1.492 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പെൻഷന് അർഹരായവരുടെ എണ്ണം കൂടുതലാകയാൽ ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുകയായി 21,97,500 രൂപ (ഇരുപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വകയിരുത്തണമെന്ന ലേബർ കമ്മീഷണറുടെ ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിരുന്നു. എന്നാൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പൂർണ്ണമായും സർക്കാരിൽ നിന്നും അനുവദിക്കുന്നതിനാൽ ബോർഡിന്റെ ആക്ട് പ്രകാരം സർക്കാർ അനുവദിക്കേണ്ട അംശദായം ബോർഡിന്റെ പെൻഷൻ തുകയിൽ ക്രമീകരിക്കേണ്ടതാണെന്നും കൂടാതെ 2019 ജൂലൈ വരെ പെൻഷൻ ഇനത്തിൽ തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ അടുത്ത കാലയളവിലേയ്ക്ക് ബോർഡുകൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിക്കുമ്പോൾ അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്നും ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-52—<u>ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്)</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആവാസ് പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെന്നും ഇത് പദ്ധതി പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കുന്നതിന് അപര്യാപ്തമാണെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആവാസ് രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം ആവാസ് പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 2 കോടി രൂപ കൂടാതെ ഒരു കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ നടപ്പ് സാമ്പത്തിക വർഷം ഇതര സംസ്ഥാനത്തിലെ തൊഴിലാളികൾക്കുള്ള ആരോഗ്യ സുരക്ഷാ പദ്ധതി (ആവാസ്)യ്ക്ക് വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ച് തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം അധികമായി ആവശ്യമുള്ള തുകയ്ക്ക് തുകയുടെ ആവശ്യകത വ്യക്തമാക്കി ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്ന് ടി വകുപ്പ് അറിയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-35-10—<u>കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി - സംഭാവന</u>

വിഹിതം : 3,65,26,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് ക്ഷേമപെൻഷൻ

1,200 രൂപയായി വർദ്ധിപ്പിക്കുമ്പോൾ അധിക തുക ആവശ്യമായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 3.64244 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി പെൻഷൻ എന്നിവ നിലവിൽ കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനി മുഖേനയാണ് നൽകി വരുന്നത്. 2019-20 സാമ്പത്തിക വർഷം പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് അംഗങ്ങളുടെ എണ്ണം, പെൻഷൻ വിതരണ കാലയളവ്, ആവശ്യമായ തുക എന്നിവ വ്യക്തമാക്കി ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനി മുഖേന കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് പെൻഷൻ വിതരണത്തിനായി അനുവദിക്കുന്നതാണ് എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

ശിപാർശ

2230-01-103-16- സംസ്ഥാന അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള താമസസൗകര്യം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

അപ്നാഘർ പദ്ധതി, രാമനാട്ടുകര സ്കീം, കളമശ്ശേരി സ്കീം എന്നിവ പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം 2230-01-103-62-10 NP, 2230-01-103-16 P എന്നീ ശീർഷകത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്ന ശിപാർശ പരിശോധിച്ച് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്ക് അനുസൃതമായി സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

ശിപാർശ

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

വിഹിതം : 1,05,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 2019-20-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 16.3375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

വിഹിതം : 9,10,00,000 രൂപ (പദ്ധതി)

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കുപുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിന് ഉതകരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

6250-60-800-97—കൈവല്യ പദ്ധതിക്ക കീഴിൽ വായ്പകൾ

വിഹിതം : 1,05,00,000 രൂപ (പദ്ധതി)

ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതിവഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2019-20 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.7375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

6250-60-800-96—അവിവാഹിതകളായ അമ്മമാർ, അവിവാഹിതകളായ സ്ത്രീകൾ/ വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ/തൊഴിൽരഹിതരായ വിധവകൾ തുടങ്ങിയ രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യാ)

വിഹിതം : 9,10,00,000 രൂപ (പദ്ധതി)

ശരണ്യാ പദ്ധതിയിൽ അംഗപരിമിതരായ വനിതകളെയും, ഭർത്താവ് ശയ്യാവലംബരായ വനിതകളെയും അർഹരാക്കിയതിനാലും രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്നതിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്ന് പോകുന്ന ഈ അവസരത്തിൽ ശിപാർശ പരിഗണിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല എന്ന് ധനകാര്യവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 96,98,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് യാത്രാബത്ത 04 (01) എന്ന ശീർഷകത്തിൽ 40,000 രൂപയും മോട്ടോർ വാഹനങ്ങൾ (21)എന്ന ശീർഷകത്തിൽ 20,000 രൂപയും ഉൾപ്പെടെ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്, പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 79,04,000 രൂപ (പദ്ധതിയേതരം)

തൊഴിൽകോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(01)] ഇനത്തിൽ 9.97 ലക്ഷം രൂപയും ക്ഷാമബത്ത [01(02)] ഇനത്തിൽ 10.61 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(03)] ഇനത്തിൽ 2.86 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 1.41 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [01(05)] ഇനത്തിൽ 3.15 ലക്ഷം രൂപയും, ശമ്പളം [02(01)] ഇനത്തിൽ 12,000 രൂപയും ക്ഷാമബത്ത [02(02)] ഇനത്തിൽ 21,000 രൂപയും മറ്റ് അലവൻസുകൾ [02(03)] ഇനത്തിൽ 1,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 28.34 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം തുകയുടെ ആവശ്യകത വ്യക്തമാക്കി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്ന വിവരം പ്രിസൈഡിംഗ് ഓഫീസറെ അറിയിച്ചിരുന്നെങ്കിലും ഇതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-89—ലേബർ കോടതി, കണ്ണൂർ

വിഹിതം : 81,08,000 രൂപ (പദ്ധതിയേതരം)

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 18,000 രൂപയും ദിവസവേതനം [02(05)] എന്ന ഇനത്തിൽ 77,000 രൂപയും മെഡിക്കൽ

റീ-ഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 34,000 രൂപയും ഉൾപ്പെടെ 1.29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിൽ കോടതി, കണ്ണൂരിന് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 80,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. [02(05)] എന്ന ഇനത്തിലും [01(04)] ഇനത്തിലും സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-86—<u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

വിഹിതം : 84,73,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർവാഹനങ്ങൾ [21] ഇനത്തിൽ 8.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടുക്കി വ്യവസായ ട്രിബ്യൂണലിന് മോട്ടോർവാഹനങ്ങൾ [21(1)] ഇനത്തിൽ 8.06 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-80—<u>വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം</u>

വിഹിതം : 1,01,25,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ വാടക, കരം, നികുതി [06] ഇനത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം വ്യാവസായിക ട്രിബ്യൂണലിന് വാടക, കരം, നികുതി (06) ഇനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2210-01-102-99—<u>ഭരണവിഭാഗം</u>

വിഹിതം: 7,71,82,000 രൂപ (പദ്ധതിയേതരം)

ഇന്ധനവില വർദ്ധിക്കുന്ന സാഹചര്യത്തിൽ 2019-20-ൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പി.ഒ.എൽ. (45) ഇനത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ. ഉ. (സാധാ.) നമ്പർ 2344/2020/ധന., തീയതി 19-3-2020 പ്രകാരം 2210-01-102-99-45-NP-V ശീർഷകത്തിൽ 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) ധനപുനഃവിനിയോഗംവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

<u>ശിപാർശ</u>

2210-01-102-98—<u>ഡിസ്പെൻസറികൾ</u>

വിഹിതം : 171,59,79,000 രൂപ (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ 2019-20 സാമ്പത്തികവർഷത്തിൽ ടെലഫോൺ ചെലവ് [05(03)] ഇനത്തിൽ 11 ലക്ഷം രൂപയും മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.17 ലക്ഷം രൂപയും സാധനസാമഗ്രികൾ (24) ഇനത്തിൽ 10 ലക്ഷം രൂപയും വെള്ളക്കരം 34(01) ഇനത്തിൽ 20 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 45.17 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ. ഉ. (സാധാ.) നമ്പർ 9109/2019/ധന., തീയതി 19-11-2019 പ്രകാരം 2210-01-102-98-05-3-NP-V ശീർഷകത്തിൽ 12,00,000 രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) ധനപുനഃവിനിയോഗംവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

സ. ഉ. (സാധാ.) നമ്പർ 2344/2020/ധന., തീയതി 19-3-2020 പ്രകാരം 2210-01-102-98-21-2-NP-V ശീർഷകത്തിൽ 40,000 രൂപ (നാല്പതിനായിരം രൂപ മാത്രം) ധനപുനഃവിനിയോഗംവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

സ. ഉ. (സാധാ.) നമ്പർ 556/2020/ധന., തീയതി 20-1-2020 പ്രകാരം 2210-01-102-98-34-1-NP-V ശീർഷകത്തിൽ 7,00,000 രൂപ (ഏഴ് ലക്ഷം രൂപ മാത്രം) ധനപുനഃവിനിയോഗം വഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

2210-01-102-98-24-NP-V ശീർഷകത്തിലും 2210-01-102-98-45-NP-V ശീർഷകത്തിലും ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടിവന്നില്ല.

<u>ശിപാർശ</u>

2210-01-102-96—<u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം: 66,39,17,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2019-20 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗും (01) ഇനത്തിൽ 14 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് (04) ഇനത്തിൽ 2.1425 കോടി രൂപയും സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 3.5 കോടി രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 20.6425 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ. ഉ. (സാധാ.) നമ്പർ 385/2020/ധന., തീയതി 14-1-2020 പ്രകാരം 2210-01-102-96-01-NP-V ശീർഷകത്തിൽ 10,00,00,000 രൂപ (പത്ത് കോടി രൂപ) അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

സ. ഉ. (സാധാ.) നമ്പർ 8955/2019/ധന., തീയതി 13-11-2019 പ്രകാരം 2210-01-102-96-07-NP-V ശീർഷകത്തിൽ 4,19,60,000 രൂപ (നാല് കോടി പത്തൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

2210-01-102-96-03-NP-V ശീർഷകത്തിലും 2210-01-102-96-04-NP-V ശീർഷകത്തിലും ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടിവന്നില്ല.

## ഊർജ്ജ വകുപ്പ്

### ശിപാർശ

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 98,75,000 രൂപ (പദ്ധതിയേതരം)

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

### സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന് 2810-00-800-93 (NP) എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 98.75 ലക്ഷം രൂപയിൽ 2020 ഫെബ്രുവരിയോടുകൂടി 85 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കിയിട്ടുണ്ട്. ടി ശീർഷകത്തിൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ വിഷയനിർണ്ണയ സമിതി VII-ന്റെ ശിപാർശയനുസരിച്ച് ആദ്യഘട്ടമായി 150 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശിപാർശ എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യവകുപ്പ് പ്രസ്തുത ശിപാർശ പരിഗണിച്ചില്ല. ധനകാര്യവകുപ്പ് പ്രസ്തുത ശിപാർശ നിരസിച്ച സാഹചര്യത്തിൽ 2810-00-800-93(NP) ശീർഷകത്തിൽ 2.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ബഹു. സമിതിയുടെ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>ശിപാർശ</u>

2810-00-800-90—<u>അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

വിഹിതം : 52,00,00,000 രൂപ (പദ്ധതി)

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനായി അനെർട്ട് നടപ്പാക്കി വരുന്ന ഊർജ്ജ കേരള മിഷൻ, വെള്ളപ്പൊക്ക ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും പുനരാവർത്തക ഊർജ്ജ പാർക്ക് രാമക്കൽമേട്, പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ, ദുരന്ത ദുരിതാശ്വാസ ക്യാമ്പുകളിലെ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ, സൗരസുവിത കിറ്റ്സ്, പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചവരിൽ മുന്നിട്ടുനിൽക്കുന്നവർക്കുള്ള പ്രോത്സാഹനം, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ പുനരാവർത്തക ഊർജ്ജ പദ്ധതികളുടെ അറ്റകുറ്റപ്പണി എന്നീ 8 ഘടകങ്ങൾക്കായി " 2810-00-800-90-(06)(35)- പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ" എന്ന ശീർഷകത്തിൽ 35 കോടി രൂപ നിലവിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ടി ഘടകങ്ങളോടൊപ്പം 'ബൈമൈസൺ'-ന് കീഴിലുള്ള പുനരാവർത്തക ഊർജ്ജ ഉല്പന്നങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം എന്ന ഘടകം 9-ാമതായി ഉൾപ്പെടുത്തുകയും ആയതിൽ 'ഊർജ്ജ കേരള മിഷൻ' എന്ന ഘടകത്തിൽ നിന്ന് 1 കോടി രൂപയും 'വെള്ളപ്പൊക്ക ബാധിത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും' എന്ന ഘടകത്തിൽ നിന്ന് 3 കോടി രൂപയും 'പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ' എന്ന ഘടകത്തിൽ നിന്ന് 2 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ ഈ പുതിയ ഘടകത്തിൽ ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി 52 കോടി അനർട്ടിന് അനുവദിച്ചതിൽ, 2-8-2019-ലെ G. O. (Rt.) No. 116/2019/Power നമ്പർ ഉത്തരവ് പ്രകാരം 5011.85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ അതനുസരിച്ചുള്ള പ്രോഗ്രാം നടപ്പിലാക്കുന്നതിനാൽ പുതിയ പ്രൊപ്പോസൽ ആവശ്യമുള്ളതായി കാണുന്നില്ല.

ശിപാർശ

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം)

വിഹിതം : 3,79,01,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.0458 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 379.01 ലക്ഷം രൂപയിൽ തന്നെ 42 ലക്ഷം രൂപയാണ് ഇതുവരെ റിലീസ് ചെയ്തിട്ടുള്ളത്. ആയതിനാൽ അധികമായി തുക അനുവദിക്കേണ്ടതായി കാണുന്നില്ല.

അദ്ധ്യായം II

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 1,2,4-12,14,15,19,21,22,24-39,42,43,46-49,55 |
| ഊർജ്ജ വകുപ്പ് | 59-71 |

തിരുവനന്തപുരം,
2020 ജൂലൈ 22.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്